**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2606** **17-03-2022 - ൽ മറുപടിയ്ക്ക്**

**മണ്ണാർമല മലമ്പ്രദേശം റെഡ് സോൺ ആയി പ്രഖ്യാപിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2017, 2018, 2019 വർഷങ്ങളിൽ ഉരുൾപൊട്ടലുണ്ടായ പെരിന്തൽമണ്ണ താലൂക്കിലെ മണ്ണാർമലയിലെ മലമ്പ്രദേശം റെഡ് സോൺ ആയി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് നാട്ടുകാരുടെ നേതൃത്വത്തിലുള്ള പൗരസമിതി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് നൽകിയ കത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | (എ) | മണ്ണാർമല നിവാസികൾ സമർപ്പിച്ച പരാതികളുടെ അടിസ്ഥാനത്തിൽ ജില്ലാ ജിയോളജിസ്റ്റ് അന്വേഷണം നടത്തുകയും മണ്ണാർമലയിൽ ഉൾപ്പെട്ട കാര്യവട്ടം വില്ലേജിൽ കരിങ്കൽ ഖനനത്തിനായി ക്വാറിയിംഗ് ലീസ് അനുവദിക്കുന്നതിന് ഒരു സ്വകാര്യ വ്യക്തി സമർപ്പിച്ച അപേക്ഷയിൽ ടിയാന്റെ തന്നെ ആവശ്യ പ്രകാരം നടപടികൾ അവസാനിപ്പിച്ചിട്ടുള്ളതാണ്. ഏതെങ്കിലും ഒരു പ്രദേശത്തെ റെഡ് സോണിൽ ഉൾപ്പെടുത്തുന്നതിനുള്ള തീരുമാനം കൈക്കൊള്ളാനുള്ള അധികാരം ജില്ലാ കളക്ടർ അധ്യക്ഷനായ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയ്ക്കാണ്. |

സെക്ഷൻ ഓഫീസർ